II. അടിയന്തിര പ്രമേയം

ഇലക്ട്രിസിറ്റി ബോർഡിലെ ഒരു വിഭാഗം തൊഴിലാളികളുടെ പണിമുടക്ക്

9·30 a.m.] മി. സ്പീക്കർ: ഇലക്ട്രിസിറ്റി ബോർഡിലെ ഒരു വിഭാഗം തൊഴിലാളികളും ഇന്നലെ നടത്തിയ സൂചനാ പണിമുടക്കിന്റെ ഫലമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിദ്യുച്ഛക്തി വിതരണത്തിൽ ഉണ്ടായ തകരാറുമൂലം ഉണ്ടായിരിക്കുന്നഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാ നടപടികളും നിറുത്തിവെയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ടി. എം. ജേക്കബ്, ശ്രീ. എം. പി. ഗംഗാധരൻ, ശ്രീ. ഇ. അഹമ്മദ്, ശ്രീ. പി. സീതി ഹാജി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണ പിള്ള): സർ, ഇലക്ട്രിസിറ്റി ബോർഡിലെ രണ്ടു യൂണിയനുകളും മിനിഞ്ഞാന്ന് അർദ്ധരാത്രി മുതൽ ഒരു ദിവസത്തേക്ക് നടത്തിയ സൂചനാ പണിമുടക്കിന്റെ ഫലമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിദ്യുച്ഛക്തിവിതരണം നിലച്ചുവെന്നുള്ള അംഗങ്ങളുടെ അറിവ് ശരിയാണ്. ഇതിനെക്കുറിച്ച് ഇന്നയിന്നകാര്യങ്ങളാണ് സംഭവിച്ചിട്ടുള്ളത് എന്നു പറഞ്ഞുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡ് ഒരു പ്രസ് റിലീസ് പുറപ്പെടുവിച്ചിട്ടുണ്ട്. മലബാറിലെ കോഴിക്കോട് മുതൽ കാസർകോട് വരെയുള്ള ഭാഗങ്ങളിൽ 66 കെ. വി. ലൈൻ വിച്ഛേദിച്ചതിന്റെ ഫലമായും ലൈൻ കൂട്ടിമുട്ടിച്ച് സപ്ലൈ നിറുത്തൽ ചെയ്തതിന്റെ ഫലമായും കാസർകോട് പ്രദേശങ്ങളിൽ വിദ്യുച്ഛക്തിബന്ധം ഇന്നലെ രാത്രിയിൽ വളരെ ഇരുട്ടുന്നതുവരെ നിലച്ചു. കർണ്ണാടകയിൽനിന്നും എടുക്കാവുന്നിടത്തോളം വിദ്യുച്ഛക്തി എടുക്കുകയും പെറിയ കേടുപാടുകളും തീർക്കുകയും ചെയ്തതിന്റെ ഫലമായി വടകര, കണ്ണൂർ, മങ്ങാട്, കാഞ്ഞങ്ങാട്, പയ്യന്നൂർ, കാസർകോട് എന്നിവിടങ്ങളിൽ സപ്ലൈ കൊടുക്കുന്നതിനു ശ്രമിച്ചു. എന്നിരുന്നാലും കോഴിക്കോടും പയ്യന്നൂരും ഇനിയും സപ്ലൈ പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. മറ്റ് സ്ഥലങ്ങളിൽ സപ്ലൈ പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞുവെന്നാണ് കിട്ടിയിട്ടുള്ള റിപ്പോർട്ട്. അത് ഇലക്ട്രിസിറ്റി ബോർഡിനു കിട്ടിയ എക്സാക്റ്റ് റിപ്പോർട്ടാണ്. പിന്നെ പോലീസിൽനിന്നും കിട്ടിയ റിപ്പോർട്ടും ഉണ്ട്.....
.....ബഹളം.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് കിട്ടിയ വിവരങ്ങൾ അദ്ദേഹം പറഞ്ഞുതീർക്കട്ടെ.....

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: സർ, അതുപോലെതന്നെ വളരെ പ്രധാനമായും കൊല്ലം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളായ അടൂർ, കുന്നത്തൂർ താലൂക്ക്, പത്തനാപുരം താലൂക്ക്, പത്തനംതിട്ട താലൂക്ക് എന്നീ സ്ഥലങ്ങളിലും 66 കെ. വി. ലൈൻ കേടാക്കിയതിന്റെ ഫലമായി വിദ്യുച്ഛക്തി വിതരണം ഇന്നലെ പകൽ മുഴുവൻ നിറുത്തിവച്ചു. എന്നാൽ വളരെക്കൂടുതൽ സ്ഥലങ്ങളിൽ ഇന്നലെ രാത്രിയോടുകൂടി അത് പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ചുരുക്കം ചില സ്ഥലങ്ങളിൽ എൽ. ടി.

LIBRARY ARCHIVES Kerala Legislative Assembly

ലൈനുകളും 11 കെ. വി. ലൈനുകളും കേടായി. ഇതൊരു നീണ്ട ലിസ്റ്റ് ആണ്, അത് മുഴുവൻ വായിച്ച് സമയം കളയുന്നില്ല. സർ, വളരെക്കൂടുതൽ സ്ഥലങ്ങളിൽ അട്ടിമറി നടന്നിട്ടുണ്ട്. ഇന്നലെയും കാഞ്ഞിരപ്പള്ളി, പീരുമേട്, പൊൻകുന്നം എന്നീ പ്രദേശങ്ങളിലേയ്ക്ക് പള്ളത്തു നിന്നുംപോകുന്ന 66 കെ.വി.ലൈനുകളും അട്ടിമറിച്ചു. അതുപോലെതന്നെ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് പോകുന്ന ഏറ്റുമാനൂർ–കോട്ടയം ലൈനും അട്ടിമറിച്ചു. കോട്ടയത്ത് ഇന്നലെ രാത്രി മറ്റ് ലൈനുകളിൽക്കൂടി വിദ്യുച്ഛക്തി പുനഃസ്ഥാപിച്ചു. ആലുവ–ചാലക്കുടി 66 കെ.വി. ലൈനും രാത്രി 12 മണിക്ക് മുൻപ് അട്ടിമറിച്ചു. അത് അട്ടിമറിയാണെന്നുള്ളതിനെ സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡിനു ബോധ്യമുള്ളതുകൊണ്ട് പോലീസിനു റിപ്പോർട്ട് ചെയ്യുകയും അട്ടിമറിക്കെതിരായി പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പോലീസ് മഹസ്സർ തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ നടത്തുകയാണെന്നാണ് അറിയുന്നത്.....ബഹളം.....

സി. ഐ. ടി. യു., എ. ഐ. ടി. യു. സി. എന്നീ രണ്ടു യൂണിയനുകളിൽ പ്രവർത്തിക്കുന്നവരാണ് പണിമുടക്കിയിട്ടുള്ളത്. ഇതിനെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. പത്രങ്ങളിൽവരെ വാർത്തകളും വന്നതാണ്, രഹസ്യമായ കാര്യമൊന്നുമല്ല. ഇതിനെക്കുറിച്ച് എല്ലാവർക്കും അറിയാമെന്നുള്ളതുകൊണ്ട് ഞാൻ പറഞ്ഞില്ലെന്നേ ഉള്ളു. പണിമുടക്കിനോടനുബന്ധിച്ച് നടന്ന അട്ടിമറി വാസ്തവത്തിൽ ജനജീവിതത്തെ വളരെയധികം ദുസ്സഹമാക്കിത്തീർത്തുവെന്നുമാത്രമല്ല ലക്ഷക്കണക്കിനു തൊഴിലാളികൾക്ക് ഇന്നലെ കൂലി നഷ്ടപ്പെടുകയും ചെയ്തു. പിന്നെ വളരെ കുറച്ച് ആളുകൾ മാത്രമേ ഈ പണിമുടക്കിൽ പങ്കെടുത്തിരുന്നുള്ളു എന്നാണ് ഞങ്ങൾക്ക് കിട്ടിയ വിവരം. അതായത് പതിനഞ്ച് ഇരുപത് ശതമാനത്തോളംമാത്രം. ഇതുകാരണം ലക്ഷക്കണക്കിനു തൊഴിലാളികൾക്ക് ഇന്നലെ കൂലി നഷ്ടപ്പെടുത്തുകയും ജനജീവിതം ദുസ്സഹമാക്കിത്തീർക്കുകയും വെള്ളം അടിക്കുന്നത് ഉൾപ്പെടെയുള്ള പല കാര്യങ്ങളും നടത്താൻ കഴിയാതെ വരികയും ചെയ്തു. നേരത്തെ അട്ടിമറിക്കപ്പെട്ടതായ ലൈനുകളെല്ലാം ഇന്നു ഉച്ചയ്ക്കു മുൻപായി പുനരാരംഭിക്കുവാനും അതിന്റെ ജോലികൾ പൂർത്തീകരിക്കാനും കഴിയുമെന്നാണ് ഇലക്ട്രിസിറ്റി ബോർഡ് വിശ്വസിക്കുന്നത്. മിക്കവാറുമുള്ളത് ഇപ്പോൾതന്നെ പൂർത്തിയായിക്കഴിഞ്ഞുകാണുമെന്നു വിശ്വസിക്കുന്നു. വളരെ ജാഗ്രതയോടുകൂടി ഗവൺമെന്റ് ഈ കാര്യം കൈകാര്യം ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ അടിയന്തിര പ്രമേയം ചർച്ച ചെയ്യേണ്ടതില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ടി. എം. ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചില കാര്യങ്ങൾ പ്രതിപാദിച്ചു. ഇതിൽനിന്നും മനസ്സിലാകുന്നത് ഈ സംസ്ഥാനം ഒരു പൊട്ടിത്തെറിയുടെ വക്കിലാണെന്നാണ്. ഇതുപോലുള്ള സംഭവങ്ങൾ ഇപ്പോൾ ഈ രാജ്യത്ത് അടിക്കടി ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെ ഫലപ്രദമായി തടയുന്നതിനോ അതിനെതിരായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിനോ ഈ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ ആക്ഷേപിക്കുകയാണ്. കാരണം ഇവിടെ ഈ കഴിഞ്ഞ ദിവസം കൊല്ലത്ത് ഉണ്ടായ അട്ടിമറിയെ സംബന്ധിച്ച് ഈ സഭയിൽ ഉന്നയിക്കപ്പെട്ടു. അന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ടി. കെ. രാമകൃഷ്ണൻ ഈ നിയമസഭക്ക് നൽകിയ ഉറപ്പ്, അട്ടിമറിക്ക് എതിരായി ശക്തമായ നടപടി സ്വീകരിക്കുമെന്നും അട്ടിമറി നടത്തുന്നവർക്ക് എതിരായി കർശനമായ നടപടികൾ സ്വീകരിക്കുമെന്നും

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ മുമ്പോട്ടുപോകുമെന്നും ആയിരുന്നു. മുൻകൂട്ടി നോട്ടീസ് കൊടുത്ത ഒരു പണിമുടക്കിനെ കുറിച്ചും അതിനെത്തുടർന്നുണ്ടായ അട്ടിമറിയെക്കുറിച്ചും അതിനെ നേരിടുന്നതിനും ഈ സംസ്ഥാനത്തെ പോലീസ്സേന പരിപൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. എനിക്ക് തോന്നുന്നത് ബഹുമാനപ്പെട്ട മന്ത്രി ബാലകൃഷ്ണപിള്ളയോടുള്ള എതിർപ്പുകാരണമാണോ ഇങ്ങനെ സംഭവിക്കുന്നത് എന്നാണ്. ഭരണ കക്ഷിയിൽപ്പെട്ട 2 യൂണിയനുകളും പണിമുടക്ക് നടത്തി. അട്ടിമറിക്കെതിരെ കേസ് എടുത്തുവെന്ന് മന്ത്രി പറഞ്ഞു. പക്ഷേ ആരെയെങ്കിലും അറസ്റ്റ് ചെയ്തതായി പറഞ്ഞില്ല. വളരെ വ്യാപകമായി ഈ രാജ്യത്തുടനീളം അട്ടിമറി നടത്തി ജനജീവിതം ദുസ്സഹമാക്കിയിട്ട് അതിന് കാരണക്കാരായവരുടെമേൽ കേസ് എടുക്കാനോ അവരെ അറസ്റ്റ് ചെയ്യാനോ പോലീസിന് സാധിച്ചിട്ടില്ല. ആ നിലക്ക് ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ എന്തിനാണ് ആ കസേരയിൽ ഇരിക്കുന്നത് എന്നു ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ സമരത്തെക്കുറിച്ച് ഇവിടത്തെ യൂണിയൻ നേതാക്കൻമാരുടെ അഭിപ്രായം എന്താണ്? ദീർഘകാല കരാർ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഭരണ മുന്നണിയിൽപ്പെട്ട സി.പി.ഐ. യുടേയും സി.പി.എം. ന്റെയും നേതൃത്വത്തിലുള്ള യൂണിയനുകളും പണിമുടക്ക് നടത്തിയത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു പത്രസമ്മേളനം നടത്തി. അതിൽ അദ്ദേഹം ചില കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. പണിമുടക്ക് എന്ന പേരിൽ അട്ടിമറി നടത്തി വിദ്യുച്ഛക്തി വിതരണം തകരാറിലാക്കുവാനാണ് ഒരു വിഭാഗം ജീവനക്കാരുടെ നീക്കം എങ്കിൽ അതിനെ ജനങ്ങളും ശക്തിയായി നേരിട്ടുകൊള്ളും എന്നായിരുന്നു. സർ, ഈ പണിമുടക്ക് ഒഴിവാക്കുന്നതിനുവേണ്ടി യൂണിയൻ നേതാക്കളുമായി നാലു പ്രാവശ്യം ചർച്ചചെയ്തു, എന്നാൽ ബോർഡിലെ 5 അംഗീകൃത യൂണിയനുകളോട് ഒന്നിച്ചിരുന്ന് സംസാരിക്കുവാൻ കഴിഞ്ഞിട്ടില്ല, ഗവൺമെന്റ് നിലവാരത്തിലും ബോർഡ് നിലവാരത്തിലും വിളിച്ചുകൂട്ടിയ കോൺഫറൻസിൽ സി.ഐ.ടി.യു. വിനെയും എ.ഐ.ടി.യു.സി. യുടേയും തൊഴിലാളി നേതാക്കൻമാർ പങ്കെടുത്തിരുന്നില്ല. സുപ്രീം കോടതി വിധിയനുസരിച്ച് നിർബന്ധമായും അംഗീകാരം നൽകേണ്ടിയിരുന്ന യൂണിയനുകളുമായി ഒന്നിച്ചിരുന്ന് ചർച്ച ചെയ്യുകയില്ലെന്നുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിരുന്നത്.

സർ, അവധി ദിവസത്തെ ശമ്പളമാണ് മറെറാരു പ്രശ്നം. ജോലിക്ക് ഹാജരായി നിർദ്ദിഷ്ടജോലി ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശാനുസരണം ചെയ്യുന്നവർക്ക് ശമ്പളം നൽകും. ജോലി ചെയ്യാത്തവർക്ക് എന്തായാലും ശമ്പളം നൽകാൻ പറ്റില്ല. കാരണം ഗവൺമെന്റിന് ജനങ്ങളോട് ഉത്തരവാദിത്വമുണ്ട്. ഭരണമുന്നണിയിലെ യൂണിയനുകളും എന്തിനാണ് സമരം ചെയ്യുന്നതെന്നു ചോദിച്ചപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി അല്ലേ കിട്ടാവുന്നതെല്ലാം വാങ്ങിക്കൊടുക്കണം എന്നുള്ള മനോഭാവം കൊണ്ടായിരിക്കാം എന്ന് മന്ത്രി പറഞ്ഞു. സർ, ഇതൊരു ശീതസമരമാണ്. ഈ ഗവൺമെന്റിൽ മന്ത്രിമാർ തമ്മിലുള്ള ഐക്യമില്ലായ്മ, ഐക്യത്തിന്റെ കുറവ്, അനൈക്യം ഇതെല്ലാമാണ് ഈ സമരത്തിന് അടിസ്ഥാനപരമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സർ, ഇന്ന് ഈ സംസ്ഥാനത്തെ നല്ലൊരു ഭാഗവും അന്ധകാരത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ വസ്തുത മുഴുവൻ ശരിയല്ല. ഇതുകൊണ്ട് ഈ സംസ്ഥാനത്തിന് അനേകലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട വ്യാവസായിക മേഖലകളായ കളമശ്ശേരി, കൊല്ലം, കുണ്ടറ തുടങ്ങിയ മേഖലകളിൽ ഈ അട്ടിമറി സമരംമൂലം വിദ്യുച്ഛക്തി വിതരണം

LIBRARY ARCHIVES Kerala Legislative Assembly

നിലക്കുകയും ഈ ഫാക്ടറികൾ പ്രവർത്തന രഹിതമാവുകയും ചെയ്തു. ഇപ്രകാരം പ്രവർത്തന രഹിതമായ ഫാക്ടറികൾ പ്രവർത്തനം ആരംഭിക്കുന്നതിന് വളരെയേറെ സമയമെടുക്കും. ഇതുകൊണ്ട് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായിരിക്കുകയാണ്. കണ്ണൂർ, കോഴിക്കോട്, വയനാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം എന്നീ ജില്ലകളിലെ ബഹുഭൂരിപക്ഷം മേഖലകളും അട്ടിമറി സമരംമൂലം കുഴപ്പത്തിലായിരിക്കുകയാണ്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി ചില ലൈനുകളുടെ കാര്യംമാത്രമേ ഇവിടെ പറഞ്ഞുള്ളൂ. വളരെയേറെ പ്രധാനപ്പെട്ട ലൈനുകൾ അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്.

അനേകം സബ് സ്റ്റേഷനുകൾ ഇന്ന് പ്രവർത്തനരഹിതമായി കിടക്കുന്നു. ഇതിന്റെ പ്രവർത്തനം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ബോർഡ് പറഞ്ഞത് പതിനഞ്ച് ശതമാനത്തോളം ആളുകൾ പണിമുടക്കിൽ പങ്കെടുത്തുവെന്നാണ്. ആങ്ങള ചത്താലും വേണ്ടില്ല നാത്തൂന്റെ കണ്ണീർ കാണ്ടാൽ മതിയെന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഈ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും നടന്നിരിക്കുന്ന പ്രശ്നത്തെ സംബന്ധിച്ചിടത്തോളം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതെക്കുറിച്ച് രണ്ട് പ്രമുഖ യൂണിയനുകളുടെ നേതാക്കൻമാർ പറഞ്ഞിരിക്കുന്നു ഇലക്ട്രിസിറ്റി ബോർഡിലെ തൊഴിലാളികളെ അനിശ്ചിതകാല പണിമുടക്കിലേക്ക് തള്ളിവിടുന്ന വിവേകശൂന്യമായ നയം ഈ വൈകിയവേളയിലെങ്കിലും മന്ത്രി ഉപേക്ഷിക്കുകയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യണമെന്ന്. എ.ഐ.ടി.യു.സി. യുടേയും സി.ഐ.ടി.യു. വിലേയും നേതാക്കൻമാരായ ജെ. ചിത്തരഞ്ജനും കെ. ഒ. ഹബീബും ആണ് ഇത് പറഞ്ഞിരിക്കുന്നത്. ഇതിൽ കൂടുതൽ നാണക്കേടുണ്ടോ? ഈ നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനേക്കാൾ കൂടുതലായി ഈ മന്ത്രി സഭക്കുള്ളിൽ നടക്കുന്ന പ്രശ്നമാണുള്ളത്. ഈ രാജ്യത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണമില്ല. നിയമസഭാ വേദിയിൽ പറഞ്ഞാൽപോലും ഫലപ്രദമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കാത്തതുകൊണ്ടാണ് പ്രശ്നങ്ങൾ ഉണ്ടാവുന്നത്. ഭരണകക്ഷിയിലെ ആളുകൾ അഭിപ്രായ വ്യത്യാസത്തോടുകൂടി പെരുമാറുന്നതുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടായിരിക്കുന്നു. കൊല്ലത്ത് നടന്ന അട്ടിമറിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. എ.ഐ.ടി.യു.സി. ക്കാർ പറഞ്ഞിരിക്കുന്നത് അട്ടിമറി നടത്തിയത് മന്ത്രിയുടെ യൂണിയനിൽപ്പെട്ട ആളുകളാണെന്നാണ്. ഈ സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. ജനജീവിതത്തെ ബാധിക്കുന്ന അത്യാവശ്യ സർവീസായ ഇലക്ട്രിസിറ്റി ബോർഡിൽ അനാവശ്യമായ പ്രശ്നങ്ങളുണ്ടാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. അഹമ്മദ്: സർ, ...

മി. സ്പീക്കർ: ഇതേക്കുറിച്ച് വിശദമായി പറയാനുള്ള അവസരം ശ്രീ. ജേക്കബിന് കൊടുത്തിട്ടുണ്ട്. അടിയന്തിര പ്രമേയം അവതരിപ്പിക്കുന്നതിന് സാധാരണ കൊടുക്കുന്നതിനേക്കാൾ കൂടുതൽ സമയം നൽകി. അതുകൊണ്ട് മറ്റുള്ളവർക്ക് പ്രസ്താവന നടത്തുന്നതിന് സമയം അനുവദിക്കുന്നതിന് നിവർത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇത് നീണ്ട ഒരു ലിസ്റ്റാണ്. ലിസ്റ്റ് മുഴുവൻ ഞാൻ വായിച്ചില്ല. ഇവിടെ പറഞ്ഞത് ശരിയാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. അട്ടിമറി നടത്താതെ ഈ ലൈനുകളിൽ കേടു പാടുകൾ പറ്റാൻ സാധ്യതയില്ലെന്നാണ് സാങ്കേതികവിദഗ്ദ്ധൻമാരുടേയും ബഹുജനങ്ങളുടേയും ബോർഡിന്റേയും അഭിപ്രായം. എല്ലാ സംഭവങ്ങളിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഡസ്ട്രിയൽ.... (ബഹളം)

മി. സ്പീക്കർ: ഒന്നിലധികം മെമ്പർമാർ ഒരേസമയം മന്ത്രിയോട് ചോദ്യം ചോദിച്ചാൽ ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് മനസ്സിലാകണ്ടെ?

ശ്രീ. കെ. കരുണാകരൻ: ഇതെപ്പറ്റി വിദ്യുച്ഛക്തിമന്ത്രി മാത്രം മറുപടിപറഞ്ഞാൽ പോര മുഖ്യമന്ത്രി മറുപടി പറയണം.

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞുകഴിഞ്ഞിട്ട് അതിനുശേഷം എന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടെങ്കിൽ മുഖ്യമന്ത്രി പറയും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇതുസംബന്ധിച്ച് കേസ് എടുത്ത് ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെ രാത്രി പന്ത്രണ്ടുമണിക്കും മിനിഞ്ഞാന്ന് രാത്രി പന്ത്രണ്ടുമണിക്കുശേഷവുമാണ് സംഭവം നടന്നത്. പോലീസ് ഇന്നലെ മുഴുവൻ നന്നാക്കുന്ന ആളുകളെ സഹായിക്കാൻ വ്യാപൃതരായിക്കൊണ്ടിരിക്കുകയാണ്. വളരെ വേഗത്തിൽത്തന്നെ ഇക്കാര്യത്തിൽ പോലീസ് വേണ്ട നടപടിയെടുക്കും. (ബഹളം) ഈ പറയുന്ന സ്ഥലങ്ങളിൽ വിദ്യുച്ഛക്തി ബന്ധം പുനഃസ്ഥാപിക്കാൻ കഴിയുമെന്നാണ് ബോർഡ് വിശ്വസിക്കുന്നത്. ഇന്നലെ ഉണ്ടായ അസൗകര്യം അസൗകര്യംതന്നെയാണ്. ബഹുമാനപ്പെട്ട അംഗങ്ങളുടെ മനോവികാരം ഗവൺമെന്റ് മാനിക്കുന്നു. തീർച്ചയായും ശക്തമായ നടപടി സ്വീകരിക്കാം. അടിയന്തിരപ്രമേയം ഈ അടിസ്ഥാനത്തിൽ ചർച്ചചെയ്യേണ്ട കാര്യമില്ലെന്നാണ് എനിക്കു പറയാനുള്ളത്. (ബഹളം)

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ? (ബഹളം)

ശ്രീ. കെ. കരുണാകരൻ: സർ, ഇത് ചർച്ചചെയ്യേണ്ട വിഷയമാണ്. വളരെയധികം ഗൗരവതരമായ ഒന്നിലധികം ഡിപ്പാർട്ടുമെന്റുകളെ സ്പർശിക്കുന്ന കാര്യമാണ്. ഇത്രയുമെല്ലാം അട്ടിമറി നടന്നിട്ട് ആളുകളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ജോലി ചെയ്യുന്നവർക്ക് പറ്റാവുന്നിൽക്കാൻ മാത്രമാണോ പോലീസ്? ഇത്രയും പരിഹാസ്യമായ ഗതികെട്ട പ്രസ്താവന ഉണ്ടാകാനില്ല. ഇതെപ്പറ്റി ചർച്ചചെയ്യേണ്ടത് അത്യാവശ്യമാണ്. ഒന്നിലധികം ദിവസമായി രണ്ടുമൂന്നു പ്രാവശ്യമായി ഭരണകക്ഷിയിലെ ആളുകൾ അട്ടിമറി നടത്തി. ഭരണകക്ഷി, നിയമസമാധാനം പാലിക്കേണ്ട ബഹുമാനപ്പെട്ട മന്ത്രിയുടെ കക്ഷി അട്ടിമറി നടത്തുന്നു. ബഹുമാനപ്പെട്ട മന്ത്രി നോക്കിനിൽക്കേണ്ടിവരുന്നു. ജനങ്ങളെ സംബന്ധിച്ചിടത്തോളം നിസ്സഹായമാണ്. ചർച്ചചെയ്യാതെ മുമ്പോട്ടു പോകരുതെന്ന് അഭ്യർത്ഥിക്കുകയാണ്. (ബഹളം).

ശ്രീ. പി. ജെ. ജോസഫ്: മുഖ്യമന്ത്രിക്ക് ഇതെപ്പറ്റി എന്തു പറയാനുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മുഖ്യമന്ത്രിക്ക് ഇതെപ്പറ്റി ഒന്നും പറയാനില്ല. ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി വിശദമായി ഇക്കാര്യത്തെപ്പറ്റി പറഞ്ഞു. ഈ കാര്യത്തിൽ ഇലക്ട്രിസിറ്റിബോർഡ് സ്വീകരിച്ച നടപടിയെക്കുറിച്ചു പറഞ്ഞു. ചില പ്രദേശങ്ങളിൽ അട്ടിമറി ഉണ്ടായിട്ടുണ്ടെന്ന് സഭയിൽ പ്രസ്താവിച്ചു. അത് റെക്ടിഫൈ ചെയ്യുന്നതിനുള്ള സത്വരമായ നടപടി സ്വീകരിച്ചുവരുന്നു. വളരെ വേഗത്തിൽത്തന്നെ അവശേഷിക്കുന്ന ലൈനുകളിൽക്കൂടി വിദ്യുച്ഛക്തിപ്രവാഹം പുനഃസ്ഥാപിക്കാൻവേണ്ട എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നു, കുറ്റവാളികളുടെ പേരിൽ നടപടി സ്വീകരിക്കുന്നതിനുള്ള എല്ലാ ഫർപ്പാടുകളും ചെയ്തിരിക്കുന്നുവെന്ന് സഭയിൽ വിശദമായി പറഞ്ഞ സാഹചര്യത്തിൽ അടിയന്തിര പ്രമേയം ചർച്ചചെയ്യുന്നതിനുള്ള അനുമതി നിഷേധിക്കുകയാണ്. (ബഹളം).

ശ്രീ. പി. ജെ. ജോസഫ്: മന്ത്രിയുടെ വിവേകശൂന്യമായ നടപടി കൊണ്ടാണ് ഇത് നടക്കുന്നതെന്ന് ഉത്തരവാദപ്പെട്ട ആളുകൾ പറഞ്ഞിരിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: ഈ കാര്യത്തിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഉൽക്കണ്ഠയുണ്ട്. അട്ടിമറിമൂലം ജനങ്ങൾക്ക് വെളിച്ചവും വെള്ളവും കിട്ടുന്നില്ല. ഈവക പണിമുടക്കുകൾ ഉണ്ടാകുമ്പോൾ മുൻകാല നടപടി അനുസരിച്ച് വർഗീയബീജം എവിടെയെങ്കിലും പോലീസിനെ ഡ്യൂട്ടി നിർത്തി അട്ടിമറി തടയാനുള്ള നടപടി സ്വീകരിക്കണം. ഒരു സ്ഥലത്തോ രണ്ട് സ്ഥലത്തോ അല്ല നടന്നത്. ഈ സംസ്ഥാനത്തെ ജനജീവിതത്തെ സ്തംഭിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു. ഒരൊറ്റ ആളെ പോലും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇത് വളരെ ഗൗരവതരമായ സംഗതിയാണ്. ഗവൺമെന്റ് മരിക്കുന്നു. അവർതന്നെ അട്ടിമറിക്കുന്നു. മറുകക്ഷി അട്ടിമറിക്കാൻ തുടങ്ങിയാൽ ഈ രാജ്യത്തെ ജനങ്ങൾ എന്തു ചെയ്യും? ജനങ്ങൾ ആരെയാണ് സമീപിക്കേണ്ടത്? ഈ സഭയിൽവന്ന് അങ്ങയോട് ചർച്ചചെയ്യണമെന്ന് പറയാനുള്ള കാരണം ജനങ്ങൾക്ക് ഇത് പറയാനുള്ള യാതൊരു സൗകര്യവുമില്ല എന്നതാണ്.

(ബഹളം)

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, പോയിന്റ് ഓഫ് ആർഡർ, ഞങ്ങളുടെ കക്ഷികളെപ്പറ്റി, എന്റെ കക്ഷി ഉൾപ്പെടെയുള്ള കക്ഷികളെപ്പറ്റി ശ്രീ. കരുണാകരൻ പറഞ്ഞ അട്ടിമറി നടത്തിയെന്ന ആരോപണമാണ് എന്റെ പോയിന്റ് ഓഫ് ആർഡറിന്റെ വിഷയം. പ്രസക്തമായ ഒരു കാര്യമാണ് ഞാൻ പറയുന്നത്. ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നു, അട്ടിമറി നടത്തിയത് എന്റെ പാർട്ടിയാണെന്ന് ശ്രീ. കരുണാകരൻ പറഞ്ഞാൽ—മറ്റു കക്ഷിക്കാർ അവരുടെ കാര്യം പറയും—അത് നിരുത്തരവാദപരമായ ആരോപണമാണ്, ഞാൻ അത് ശക്തിയായി നിഷേധിക്കുന്നു.

(ബഹളം)

മി. സ്പീക്കർ: ഇതൊരു ക്രമപ്രശ്നമായി ഉന്നയിക്കപ്പെടേണ്ട കാര്യമല്ല. പേഴ്സണൽ എക്സ്പ്ലനേഷന്റെ പരിധിയിൽ പെടുന്നതാണിത്. ബഹുമാനപ്പെട്ട പി. കെ. വി. ക്ക് അങ്ങനെയാണെങ്കിൽ അതിന് വേറൊരു അവസരം തരാം. ക്രമപ്രശ്നത്തിന്റെ രൂപത്തിൽ വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും കൂടി ശ്രദ്ധയിൽപ്പെടുത്താൻ ഞാനൊരു കാര്യം പറയുകയാണ്. ഇവിടെയൊരു അടിയന്തിരപ്രമേയം ചർച്ചയ്ക്കു അവതരിപ്പിച്ചു. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകി. അതിനുശേഷം പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ടി. എം. ജേക്കബ് വളരെ വിശദമായിത്തന്നെ സംസാരിച്ചു. അങ്ങ് അതിനെക്കുറിച്ച് റൂളിംഗ് നൽകിക്കഴിഞ്ഞു. അതിനുശേഷവും അതിനെസംബന്ധിച്ച് വിശദമായ ചർച്ച നടത്തുന്നത് ശരിയല്ല.

(ബഹളം)

മി. സ്പീക്കർ: ചർച്ച അനുവദിച്ചിരിക്കുകയല്ല. ശ്രീ. കരുണാകരന് ഒരു പ്രസ്താവന ചെയ്യാനുള്ള അവസരം കൊടുത്തതാണ്. അതിനെക്കുറിച്ച് അദ്ദേഹത്തിന് പറയാം.

ശ്രീ. കെ. കരുണാകരൻ: ഞങ്ങളല്ല പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയാണ് പറഞ്ഞത്. സി. ഐ. ടി. യു.-യും എ. ഐ. ടി. യു. സി.-യും. ശ്രീ. പി. കെ. വാസുദേവൻ നായർക്ക് എ. ഐ. ടി. യു. സി.-യുമായി ബന്ധമില്ലായെന്നാണോ?

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, എ. ഐ. ടി. യു. സി.. ക്കാരും, സി. ഐ. ടി. യു. ക്കാരുമായിട്ടുള്ള സമരത്തിൽ, സമരക്കാരാണ് അട്ടിമറിച്ചതെന്നാണ്. ഭരണത്തിലിരുന്നുകൊണ്ട് അട്ടിമറിക്കുന്നു. ഭരണം നടത്തുകയല്ല. ഈ ജനദ്രോഹം അവസാനിപ്പിക്കാൻ സാധിക്കണം. ഈ സർക്കാരിന്റെ ജനദ്രോഹപരമായ നടപടികൾക്കെതിരായി, ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഞങ്ങൾ ഈ നടപടി ബഹിഷ്കരിക്കുന്നു.

(ശ്രീ. കെ. കരുണാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടവരും സഭയിൽനിന്നും ഇറങ്ങിപ്പോയി).

ശ്രീ. ഇ. അഹമ്മദ്: സർ, സർക്കാരാണ് ഇവിടെ അട്ടിമറി നടത്തിയിട്ടുള്ളത്. സാധാരണ സർക്കാരിനെ അട്ടിമറിക്കുന്നതായിട്ടാണ് കേൾക്കാറുള്ളത്. ഇവിടെ അട്ടിമറി നടത്തിയത് ഗവൺമെന്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം കൊടുക്കുന്ന തൊഴിലാളി സംഘടന, അവിടെയിരിക്കുന്ന സി. പി. ഐ. യുടെ പ്രമുഖ നേതാവായ ശ്രീ. ജെ. ചിത്തരഞ്ജൻ നേതൃത്വം കൊടുക്കുന്ന തൊഴിലാളി സംഘടന, ഈ രണ്ട് സംഘടനകളും ഒരു മന്ത്രിയോടുള്ള വ്യക്തിവിദ്വേഷത്തിന്റെ പേരിൽ അട്ടിമറി നടത്തി, കേരളത്തിലെ ജനങ്ങളെ മുഴുവൻ ഇരുട്ടിലാക്കിയിരിക്കുകയാണ്. വടക്കൻ പ്രദേശങ്ങളിലെ ജനങ്ങൾക്ക് വെളിച്ചമില്ല, വെള്ളമില്ല, തൊഴിലില്ല. ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്, ഈ ഗവൺമെന്റ് ഇരുട്ടിൽ തപ്പുന്നു. അവർക്ക് ഇരുട്ട് ആവശ്യമായിരിക്കാം. പക്ഷെ ഈ നാട്ടിലെ ജനങ്ങൾക്ക് വെളിച്ചം വേണം. ആ വെളിച്ചം കൊടുക്കാൻ സാധിക്കുന്നില്ലെങ്കിൽ, ബഹുമാനപ്പെട്ട നായനാരോട് ഞാൻ പറയുന്നു, നിങ്ങൾക്ക് ജനങ്ങളോടുള്ള കടമ നിർവഹിക്കാൻ സാധിക്കുന്നില്ലെങ്കിൽ മന്ത്രിക്കസേരയിൽനിന്ന് ഇറങ്ങിപ്പോവുകയെങ്കിലും ചെയ്യുക. ഈ നാട്ടിലെ ജനങ്ങൾക്ക് വെളിച്ചം കൊടുക്കാൻ സാധിക്കാത്ത ഗവൺമെന്റ്, അതിനെ സംബന്ധിച്ചുള്ള പ്രതിപക്ഷത്തിന്റെ ന്യായമായ ആരോപണങ്ങൾക്ക് മറുപടിയായി ഒരു വാക്കുപോലും പറയാൻ സാധിക്കാത്ത ഗവൺമെന്റ്, ഈ ഗവൺമെന്റിനേറെയും മുഖ്യമന്ത്രിയുടേയും

LIBRARY ARCHIVES Kerala Legislative Assembly

അതിന് കൂട്ടുനിൽക്കുന്ന നാണംകെട്ട ഭരണകക്ഷിയുടേയും നയത്തിൽ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ഇ. അഹമ്മദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടവരും സഭയിൽ നിന്നും ഇറങ്ങിപ്പോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, 24 മണിക്കൂർ നേരത്തെ സമരമാണെന്ന് പറഞ്ഞതിനുശേഷവും ഇന്നലെ രാത്രിയും അട്ടിമറി നടന്നിരിക്കുന്നു. അട്ടിമറി നിരന്തരമായി നടക്കുന്നതിന്റെ സൂചനയാണ് ഇത്. ഇതിനോടൊപ്പം ഭരണകക്ഷിയിൽപ്പെട്ട യൂണിയനുകളുടെ ഉത്തരവാദപ്പെട്ട നേതാക്കൻമാർ പറഞ്ഞിരിക്കുന്നു, മന്ത്രിയുടെ വിവേകശൂന്യമായ നിലപാടുകൊണ്ടാണ് ഈ അട്ടിമറി നടക്കുന്നതെന്ന്. ഈ പരിതഃസ്ഥിതിയിൽ, മന്ത്രി പലപ്പോഴും പറഞ്ഞു, പോലീസ് അവിടെ പോകുന്നു, റിപ്പയർ പണികഴിക്ക് സഹായമെത്തിക്കുന്നുവെന്ന്. അല്ലാതെ ഒരൊറ്റ ആളെ പോലും അറസ്റ്റുചെയ്ത കാര്യം പറഞ്ഞിട്ടില്ല. ആ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയോ ഒരൊറ്റ അക്ഷരംപോലും പറഞ്ഞില്ല എന്നുള്ളത്, സമരത്തിനും അട്ടിമറിക്കും മുഖ്യമന്ത്രിയുടേയും ആഭ്യന്തര മന്ത്രിയുടേയും പിൻതുണയുണ്ടെന്നുള്ളതിന് തെളിവാണ്; അത് പകൽപോലെ വ്യക്തമാണ്. ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഗവൺമെൻറിന്റെ ഈ അട്ടിമറി നയത്തിൽ പ്രതിഷേധിച്ച്, ശീതസമരംകൊണ്ട് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടവരും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഈ അടിയന്തിരപ്രമേയത്തിനെ എന്റെ കക്ഷി അനുകൂലിക്കുകയാണ്. കാരണം, ഈ തരത്തിലുള്ള തൊഴിലാളി വിരുദ്ധമായിട്ടുള്ള പ്രവർത്തനങ്ങളും ഈ സംസ്ഥാനത്തെ ജനങ്ങളിൽ തെറ്റായിട്ടുള്ള പ്രവണത വളർത്തും. ഈ സംസ്ഥാനത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരും, ഏകാധിപത്യത്തിനെതിരായ വിശ്വാസമുള്ളവരുമാണ്. ഈ തരത്തിലുണ്ടായിട്ടുള്ള അട്ടിമറി പ്രവർത്തനങ്ങളും അവരെ അവശ്യ സർവീസ് ഓർഡിനൻസിലും അടിയന്തിരാവസ്ഥയിലും വിശ്വസിപ്പിക്കാൻ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി നേതൃത്വം വഹിക്കുന്നു എന്നുള്ള കുറ്റാരോപണം വച്ചുകൊണ്ട്, ഈ സഭയിലെ നടപടികളിൽ, തൽക്കാലം കുറച്ചുനേരമെങ്കിലും പങ്കുചേരാൻ ഞങ്ങളും ഉദ്ദേശിക്കുന്നില്ല എന്നു പറഞ്ഞുകൊണ്ട് ഞങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടവരും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീമതി. കെ. ആർ. സരസ്വതി അമ്മ: ഈ രാജ്യത്തെ ജനജീവിതത്തെ ദുസ്സഹമാക്കുന്ന രീതിയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് സി. ഐ. ടി. യു. തൊഴിലാളി സംഘടനകളുടെ അട്ടിമറിപ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്നു എന്ന ആരോപണം ഞാൻ വയ്ക്കുകയാണ്. ഈ ജനദ്രോഹപരമായ പ്രശ്നത്തെക്കുറിച്ച് അസംബ്ലിയിൽ പ്രതിപാതിക്കാനുള്ള അവസരം നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീമതി കെ. ആർ. സരസ്വതി അമ്മയും അവരുടെ പാർട്ടിയിൽപ്പെട്ടവരും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീ. സി. എം. സുന്ദരം: ജനങ്ങളെ തെരഞ്ഞെടുത്ത ഈ ഗവൺമെന്റ് ജനങ്ങൾക്ക് ആശ്വാസവും ക്ഷേമവും നടത്തുമെന്ന വിശ്വാസത്തിലിരിക്കുമ്പോൾ, ഇത്തരം അട്ടിമറികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് വളരെ ഖേദകരമാണ്. ഈ ഗവൺമെന്റ് അട്ടിമറി നടത്തി ജനജീവിതം ദുസ്സഹമാക്കുമ്പോൾ, ഈ ഗവൺമെന്റ് ആക്രമണം നടത്തുമ്പോൾ ഈ നാട്ടിലെ ജനങ്ങൾ സംഘടിച്ച് ഇതിന് അവസാനം കാണേണ്ടതുണ്ട്. അട്ടിമറി നടത്തിയ ഈ ഗവൺമെന്റിനോടുള്ള പ്രതിഷേധം രേഖപ്പെടുത്തി ഞാൻ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. സുന്ദരം സഭയിൽനിന്നും ഇറങ്ങിപ്പോയി.)

III. ശ്രദ്ധക്ഷണിക്കൽ

(1) ഇടുക്കി ജില്ലയിൽ കുടിയിറക്കപ്പെട്ട കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. പി. ജെ. ജോസഫ്: സർ, ഇടുക്കി ജില്ലയിലെ വാൽപ്പാറയിൽ കുറെ വർഷങ്ങളായി താമസിച്ച്, ദേഹണ്ഡം ചെയ്തുകൊണ്ടിരിക്കുന്ന കുടുംബങ്ങളെ 1978-ൽ കുടിയിറക്കി. അവരുടെ വീടുകൾ പരിശോധിച്ചതിനുശേഷം അവരിൽ 24 കുടുംബങ്ങൾക്ക് ഒരു ഹെക്ടർ ഭൂമി വീതം കൊടുക്കാൻ ഗവൺമെന്റ് ഉത്തരവിട്ടു. വാൽപ്പാറയിൽ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ഭൂമി കൊടുക്കണമെന്നുള്ള ആവശ്യം ഗവൺമെന്റ് പരിഗണിക്കുകയും അതിനായി 150 ഏക്കർ സ്ഥലം മാറ്റിയിടുകയും ചെയ്തു. മേൽപ്പറഞ്ഞ കുടികിടപ്പുകാരായ 24 കുടുംബങ്ങൾക്ക് ഭൂമി കൊടുത്താൽ ഹരിജനങ്ങൾക്കാവശ്യമായ ഭൂമി വാൽപ്പാറയിൽ ഉണ്ടായിരിക്കുകയില്ല എന്നുള്ള പരാതി ഉണ്ടായിരുന്നു. എന്നാൽ ആ ആശങ്കയ്ക്ക് അടിസ്ഥാനമില്ലായെന്നും 150 ഏക്കർ ഭൂമി മാറ്റിയിട്ടശേഷവും വാൽപ്പാറയിൽ ആവശ്യത്തിനു ഭൂമി ഉണ്ടെന്നും ഗവൺമെന്റിന് അറിയാം.

അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത 24 കുടുംബങ്ങൾക്ക് വാൽപ്പാറയിൽത്തന്നെ ഭൂമി കൊടുക്കാൻ ഗവൺമെന്റ് ഉത്തരവായിരുന്നോ? അസിസ്റ്റന്റ് കളക്ടർ ആരെങ്കിലും അതിനു തടസ്സം നിന്നിട്ടുണ്ടോയെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ചോദ്യം ചോദിച്ചത്. ഇപ്പോഴത്തെ നിബന്ധനയനുസരിച്ച് ഈ 24 ഹെക്ടർ ഭൂമി അവിടെനിന്ന് മാറിയെടുക്കാൻ യാതൊരുബുദ്ധിമുട്ടുമില്ലാത്ത മരങ്ങളില്ലാത്ത ഭൂമി അവിടെ ഉണ്ടെന്നുള്ളത് അസിസ്റ്റന്റ് കളക്ടർ മനസ്സിലാക്കിയിട്ടുണ്ടോയെന്നും അവർ അതിനു വേണ്ടി ശ്രമിച്ചിട്ടുണ്ടോയെന്നും അറിയുവാൻ വളരെ വ്യക്തമായി ഞാൻ ചോദിച്ചിരുന്നു. അവർ ചെയ്തുകൊണ്ടിരുന്ന വളരെ കഷ്ടകരമായ ജീവിതം കഴിയുകയാണല്ലോ. ഗവൺമെന്റിന്റെ ഇത്തരവ് കൂടിക്കഴിഞ്ഞിരിക്കുന്ന സ്ഥിതിയിൽ അവർക്ക് ഏറെക്കുറെ വേഗം ഭൂമി കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ വാൽപ്പാറയിലെ കണക്കെടുപ്പിൽ 1978-ൽ അനേകം കുടുംബങ്ങളെ കുടിയിരുത്തുകയുണ്ടായി. അതിൽ അർഹരായവർക്കും 1977-നുമുമ്പ് കൈവശമുണ്ടായിരുന്ന കുറെ കുടുംബങ്ങൾക്കും

10 a.m.]

LIBRARY ARCHIVES Kerala Legislative Assembly